## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6882** **02.11.2011- ൽ മറുപടിനൽകേണ്ടത്.**

## ഭൂനികുതിക്ക് ഡി.സി.ബി. സ്റ്റേറ്റ്മെന്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി കെ.കെ.ലതിക | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂ വകുപ്പുമന്ത്രി |
| (എ) ഭൂനികുതി സംബന്ധമായി വില്ലേജ് ഓഫീസുകളിൽ എന്തെല്ലാം രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെന്നും ആയവയിൽ ഏതെല്ലാം വിവരങ്ങളാണ് എഴുതുന്നതെന്നും വ്യക്തമാക്കുമോ; | (എ) ഭൂനികുതി സംബന്ധമായി വില്ലേജ് ഓഫീസുകളിൽ പ്രധാനമായി രണ്ട് രജിസ്റ്ററുകൾ സൂക്ഷിക്കുന്നു. അവ ചുവടെ പറയുന്നവയാണ്.<br>1. സെറ്റിൽമെന്റ് രജിസ്റ്റർ: റവന്യൂ സെറ്റിൽമെന്റ് നടന്ന കാലത്തെ നികുതി ചുമത്തിയതും, അല്ലാത്തതുമായ എല്ലാ വസ്തുക്കളുടെയും സർവ്വേ നം., ഇനം, തരം, വിസ്തീർണ്ണം, ഭൂമിയുടെ തരത്തിനെ ആസ്പദമാക്കിയുള്ള നികുതി നിരക്ക് തുടങ്ങിയ വിവരങ്ങൾ ടി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സെറ്റിൽമെന്റ് നടത്തിയപ്പോൾ സർവ്വെ ചെയ്തിട്ടില്ലാത്ത ഭൂമികളെ പിൽക്കാലത്ത് സർവ്വെ ചെയ്യുമ്പോൾ അവയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുവേണ്ടി സെറ്റിൽമെന്റ് രജിസ്റ്ററിന്റെ ഒന്നാം അനുബന്ധമായി മറ്റൊരു രജിസ്റ്ററും, സെറ്റിൽമെന്റിനു ശേഷം ഭൂമിയിൽ ഉണ്ടാകുന്ന സ്ഥിരം മാറ്റങ്ങൾ രേഖപ്പെടുത്തുന്നതിനുവേണ്ടി രണ്ടാം അനുബന്ധമായി മൂന്നാമതൊരു രജിസ്റ്ററും സൂക്ഷിക്കുന്നു. സെറ്റിൽമെന്റിന് ശേഷം ഭൂമിയുടെ മൊത്തം വിസ്തീർണ്ണത്തിനോ ഭൂനികുതിയ്ക്കോ ഉണ്ടാകുന്ന എല്ലാ മാറ്റങ്ങളും ടി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു.<br>2. ബേസിക് ടാക്സ് രജിസ്റ്റർ (അടിസ്ഥാന ഭൂനികുതി രജിസ്റ്റർ)<br>ഒരു വില്ലേജിലുള്ള എല്ലാ സർക്കാർ വക ഭൂമികളുടെയും പതിവ് ഭൂമികളുടെയും സർവ്വെ നം. ക്രമത്തിലുള്ള വിവരങ്ങൾ ടി രജിസ്റ്ററിൽ കാണിക്കുന്നു. സർവ്വേ നം.ക്രമത്തിലുള്ള ഭൂമിയുടെ തരം, വിസ്തീർണ്ണം, അടിസ്ഥാന |

ഭൂനികുതി, ഭൂ ഉടമയുടെ പേര്, തണ്ടപ്പേർ നമ്പർ എന്നീ വിവരങ്ങൾ ടി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നു.

| | |
|---|---|
| (ബി) ഭൂനികുതി അടയ്ക്കേണ്ടവർ ആരെല്ലാ മെന്നും അവർ എത്ര തുക ഭൂനികുതി യിനത്തിൽ അടയ്ക്കാനുണ്ടെന്നും ഭൂനികുതി ദായകരെ അറിയിക്കുന്നതിന് വില്ലേജ് ഓഫീസുകളിൽ സംവിധാനമുണ്ടോ യെന്നും അറിയിക്കുമോ; | (ബി) ഉണ്ട് |
| (സി) ഇല്ലെങ്കിൽ ഇത്തരം ഒരു സംവിധാനം ഏർപ്പെടുത്തുന്നത് ഉചിതമാണെന്ന് കരുതുന്നുണ്ടോ; | (സി) ബാധകമല്ല |
| (ഡി) ഭൂനികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെ യെന്ന് വ്യക്തമാക്കുമോ? | (ഡി) നിലവിലുള്ള നടപടികൾ അല്ലാതെ പുതിയവ യൊന്നും സർക്കാരിന്റെ പരിഗണനയില്ല. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ.6883 — 2.11.2011ൽ മറുപടിക്ക്

# റിവർ മാനേജ്മെന്റ് ഫണ്ട്

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക: | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
|---|---|
| (എ) റിവർമാനേജ്മെന്റ് ഫണ്ടിൽ കുറ്റ്യാടി നിയോജക മണ്ഡലത്തിൽ അനുവദിക്കപ്പെട്ട ഓരോ പ്രവൃത്തികളുടെയും അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ; | (എ) അനുബന്ധമായി ചേർക്കുന്നു. |
| (ബി) അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഏതു വർഷം തയ്യാറാക്കിയതാണെന്നും പ്രസ്തുത പ്രവർത്തികൾ പി.ഡ.ബ്ല്യൂ.ഡിയുടെ പുതുക്കിയ ഷെഡ്യൂൾ നിരക്ക് പ്രകാരം ഇപ്പോൾ ടെൻഡർ ചെയ്യുന്നതിന് തടസ്സമുണ്ടോയെന്നും വ്യക്തമാക്കുമോ ; | (ബി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2008-ലെ പി.ഡബ്ല്യൂ.ഡി നിരക്കിലാണ്. ഇപ്പോഴത്തെ നിരക്കിൽ ടെൻഡർ ചെയ്യുന്നതിന് റിവർ മാനേജ്മെന്റ് ജില്ലാ വിദഗ്ദ്ധ സമിതിയുടെ അനുമതിയും സർക്കാരിൽ നിന്നും പുതുക്കിയ നിരക്കിലുള്ള ഭരണാനുമതിയും ലഭിക്കേണ്ടതുണ്ട്. കൂടാതെ 24.5.2011-ന് മുൻപ് തുടങ്ങാത്ത പ്രവൃത്തികൾ പുതിയ സ്റ്റേറ്റ് ഹൈലെവൽ കമ്മിറ്റി രൂപീകരിക്കുന്നത് വരെ നിർത്തിവച്ചിരിക്കുകയാണ്.. |
| (സി) റിവർമാനേജ്മെന്റ് ഫണ്ട് പ്രവർത്തികൾ ടെൻഡർ ചെയ്യപ്പെടാത്ത കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (സി) പല പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും കരാറുകാർ പ്രവൃത്തി എടുക്കുവാൻ തയ്യാറാകാത്തതും ക്വാട്ട് ചെയ്ത ചില പ്രവൃത്തികളുടെ ടെണ്ടറുകൾ എസ്റ്റിമേറ്റ് നിരക്കിലേയ്ക്കും കുറയ്ക്കുവാൻ കാരാറുകാർ തയ്യാറാവാത്തതു കാരണം ടെണ്ടർ നിരസിക്കേണ്ടതായും വന്നിട്ടുണ്ട്. |
| (ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ? | (ഡി) റിവർ മാനേജ്മെന്റ് പ്രവൃത്തികളുടെ ടെണ്ടറുകൾ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതൽ നിരക്ക് അനുവദിക്കുന്നതിന് ജില്ലാ വിദഗ്ദ്ധ സമിതിയുടെ ശുപാർശയോടെ ലഭിക്കുന്ന പ്രപ്പോസലുകൾ സ്റ്റേറ്റ് ഹൈലെവൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ